സ്വീകരിച്ച നടപടികളുടെ ഒരു സംക്ഷിപ്ത വിവരണം അടങ്ങിയ സ്റ്റേറ്റ്മെൻറ് അനുബന്ധം 2 ആയി ഇതോടൊപ്പം വച്ചിട്ടുണ്ട്. ഈ സംഗതികളിൻമേൽ സ്വീകരിക്കുന്ന നടപടികളുടെ പുരോഗതി അവലോകനം ചെയ്തുകൊണ്ട് നിയമകാലിക റിപ്പോർട്ടുകൾ ആഭ്യന്തര വകുപ്പിൽനിന്നും കേന്ദ്ര സർക്കാരിന് നൽകിവരുന്നുണ്ട്.

വനവൽക്കരണ പദ്ധതി

* 126. [131] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വനവൽക്കരണത്തിനായി 85 കോടി രൂപയുടെ പദ്ധതി കേന്ദ്രത്തിൻെറ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യങ്ങളെപ്പറ്റിയും പദ്ധതിയുടെ രൂപത്തെപ്പറ്റിയും വിശദീകരിക്കാമോ ;

(സി) ഏറ്റെടുക്കാൻ പോകുന്ന സ്വകാര്യ വനങ്ങൾ ഗവൺമെൻറ് വനങ്ങൾ കൈയേറി പതിച്ചുകിട്ടിയ സ്വകാര്യവനങ്ങളാണെന്നറിയുന്നത് ശരിയാണോ ;

(ഡി) ഈ പദ്ധതിക്ക് കേന്ദ്രാനുമതി കിട്ടിയോ ;

(ഇ) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കേന്ദ്രസഹായം കിട്ടും ;

(എഫ്) ഇക്കാര്യത്തിൽ സംസ്ഥാനം ചെലവഴിക്കേണ്ട വിഹിതം എത്രയായിരിക്കും ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) ഇങ്ങിനെ ഒരു പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. ഇക്കാര്യം കേന്ദ്രഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ബി) പദ്ധതിക്ക് പൂർണ്ണരൂപം നൽകിക്കഴിഞ്ഞിട്ടില്ല. എന്നാൽ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്ന കാര്യം താഴെ പറയുന്നതാണ്.

നമ്മുടെ നിബിഡ വനപ്രദേശങ്ങളുടെ ഉൾഭാഗങ്ങളിൽ അവിടവിടെയായി അനേകം ചെറുതുണ്ടു ഭൂമികൾ ഇപ്പോൾ വനമല്ലാത്തതായിക്കാണുന്നുണ്ട്. സുഗമമായ വനസംരക്ഷണത്തിന് ഇത്തരം തുണ്ടു ഭൂമികൾ ഏറ്റെടുത്ത് ഇവ വനത്തിൻെറ ഭാഗമാക്കിമാറ്റി വനത്തിൽ ചെയ്യുന്ന എല്ലാ പരിപാലനങ്ങളും ചെയ്തു ഏകരൂപവും ഒന്നായി കിടക്കുന്നതുമായ ഒരു വനഭാഗമാക്കി വനസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുക എന്നതാണ്.

(സി) ഏറ്റെടുക്കാനുള്ള ഭൂമി സംബന്ധിച്ച പരിശോധനകൾ നടക്കാനിരിക്കുന്നതേയുള്ളു.

(ഡി, ഇ, എഫ്) പദ്ധതിക്കു പൂർണ്ണ രൂപം നൽകിക്കഴിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ ഈ ചോദ്യങ്ങൾ ഇപ്പോൾ ഉദിക്കുന്നില്ല.

ക്ലാർക്കുമാരുടെ നിയമനം

* 127. [132] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്. സി. യുടെ സെലക്ഷൻ ലിസ്റ്റ് നിലവിലുണ്ടെങ്കിലും കഴിഞ്ഞ കുറെ മാസങ്ങളായി ക്ലാർക്കുമാരുടെ നിയമനം നടത്താത്തതിൻെറ കാരണം വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly